# 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2021 ഒക്ടോബർ 29-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

1789/2021.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം: | | |
| I. വിയോജനക്കുറിപ്പ് | .. | 5 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 7 |

# സബ്ജക്ട് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
## (2021-2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. പി. പ്രസാദ്,
കൃഷി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീമതി ജെ. ചിഞ്ചുറാണി,
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി,

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

ശ്രീ. പി. ജെ. ജോസഫ്, എം.എൽ.എ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

# 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്)

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കായി അയച്ച 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ (ബിൽ നമ്പർ 75), സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ടും, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ, 2021 ഒക്ടോബർ 2-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2021 ഒക്ടോബർ 28-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും, അന്നേ ദിവസം തന്നെ സഭ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2021 ഒക്ടോബർ 28-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

<u>2-ാം ഖണ്ഡം</u>

2-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(i) (ഡിഎ)-ൽ "പ്രായമായ" എന്ന വാക്കിന് പകരം "പാകമായ" എന്ന വാക്ക് ചേർക്കുക.

<u>3-ാം ഖണ്ഡം</u>

3-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3 (3)-ൽ "മത്സ്യത്തിന്റെ അതിജീവനത്തിന് ദോഷകരമായി ബാധിക്കുന്ന തരത്തിൽ നിർണ്ണയിക്കപ്പെട്ട പ്രകാരമല്ലാതെ നിർവ്വഹിക്കാൻ പാടുള്ളതല്ല" എന്നീ വാക്കുകൾക്ക് പകരം "മത്സ്യത്തിന്റെ അതിജീവനത്തിനെ ദോഷകരമായി ബാധിക്കുന്ന തരത്തിലും നിർണ്ണയിക്കപ്പെട്ട പ്രകാരമല്ലാതെയും നിർവ്വഹിക്കുവാൻ പാടില്ലാത്തതാകുന്നു" എന്നീ വാക്കുകൾ ചേർക്കുക.

<u>4-ാം ഖണ്ഡം</u>

4-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ "മത്സ്യക്കൂടിലെ മത്സ്യകൃഷിക്കോ" എന്നീ വാക്കുകൾക്ക് ശേഷം "വലവളപ്പിലെ മത്സ്യകൃഷിക്കോ" എന്നീ വാക്കുകൾ ചേർക്കുക.

5-ാം ഖണ്ഡം

5-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പിന്റെ (11)-ാം ഉപവകുപ്പിൽ,—

(i) (എ) ഇനത്തിൽ "ജലാശയത്തിൽ മറ്റു" എന്നീ വാക്കുകൾക്ക് പകരം "സാക്ഷ്യപ്പെടുത്തിയ മത്സ്യവിത്ത് ഉപയോഗിച്ചുള്ളതല്ലാതെ മറ്റ്" എന്നീ വാക്കുകൾ ചേർക്കുക.

(ii) (ബി) ഇനത്തിൽ "അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെയോ, ഇതിലേക്കായി സർക്കാർ വിജ്ഞാപനം വഴി പ്രസിദ്ധപ്പെടുത്തുന്ന നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥന്റെയോ മുൻകൂർ അനുമതിയില്ലാതെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

(iii) (ഇ) ഇനത്തിൽ "യാതൊരാളും" എന്നതിനുശേഷം "2014-ലെ മത്സ്യവിത്ത് ആക്റ്റ് (2015 -ലെ 4-ാം ആക്റ്റ്) പ്രകാരം സാക്ഷ്യപ്പെടുത്താത്ത" എന്നത് ചേർക്കുക.

(iv) (ജി) ഇനത്തിൽ "പ്രദേശത്തിനെ" എന്ന വാക്കിനുപകരം "പ്രദേശത്തെ" എന്ന വാക്ക് ചേർക്കുക.

(v) (എച്ച്) ഇനത്തിൽ "മാമൂൽ പ്രകാരമുള്ള" എന്നീ വാക്കുകൾക്ക് പകരം "മത്സ്യത്തൊഴിലാളികൾക്കുള്ള പരമ്പരാഗത" എന്നീ വാക്കുകൾ ചേർക്കുക.

6-ാം ഖണ്ഡം

(1) 6-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 6-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) (എ) ഇനത്തിൽ " മത്സ്യത്തിന്റെ " എന്ന വാക്കിനുശേഷം " സഞ്ചാരത്തിനും" എന്ന വാക്ക് ചേർക്കുക.

(ii) (സി) ഇനത്തിൽ "അനുവദിച്ചിട്ടില്ലാത്ത " എന്ന വാക്കിനുപകരം "അനുവദിച്ചിട്ടുള്ളവയല്ലാത്ത" എന്ന വാക്ക് ചേർക്കുക.

(iii) (ഡി) ഇനത്തിൽ "മറ്റു മത്സ്യത്തിന്റെ നിക്ഷേപം" എന്നീ വാക്കുകൾക്കു പകരം "മറ്റ് മത്സ്യങ്ങളെ നിക്ഷേപിക്കൽ" എന്നീ വാക്കുകൾ ചേർക്കുക.

(ബി) (2)-ാം ഉപവകുപ്പിൽ, "മത്സ്യവിത്ത്" എന്ന വാക്കിനുപകരം "മത്സ്യവിത്തിന്റെ കാര്യത്തിൽ സർക്കാർ വിജ്ഞാപനത്തിലൂടെ അനുവദിച്ചിട്ടുള്ള ഇനങ്ങളിൽ ഉൾപ്പെടാത്തവ" എന്നീ വാക്കുകൾ ചേർക്കുക.

(2) 6-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 6 എ വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ "തടാകങ്ങൾ" എന്ന വാക്കിനുശേഷം "ഫിൽട്രേഷൻ പ്രദേശങ്ങൾ, മറ്റ് പാടങ്ങൾ, ചതുപ്പ് പ്രദേശങ്ങൾ," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

(ii) (2)-ാം ഉപവകുപ്പിൽ,—

(എ) (i), (ii), (vii) ഇനങ്ങളിൽ " ഉൾപ്പെട്ട" എന്ന വാക്കിനു പകരം "ഉൾപ്പെടുന്ന " എന്ന വാക്ക് ചേർക്കുക.

(ബി) viii-ാം ഇനത്തിൽ "ഉൾപ്പെട്ട " എന്ന വാക്കിനു പകരം "ഉൾപ്പെടുന്ന പ്രദേശത്തെ " എന്നീ വാക്കുകൾ ചേർക്കുക.

## 7-ാം ഖണ്ഡം

7-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 8-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിന്റെ (ഇ) ഇനത്തിൽ " നെൽകൃഷി ചെയ്യാതെ" എന്നീ വാക്കുകൾക്ക് പകരം " നെൽക്യഷിക്കാലയളവിൽ" എന്ന വാക്ക് ചേർക്കുക.

(ii) (2)-ാം ഉപവകുപ്പിന്റെ (ഇ) ഇനത്തിന് ശേഷമുള്ള ക്ലിപ്ത നിബന്ധനയിൽ "ബന്ധപ്പെട്ട കൃഷി ഓഫീസർ" എന്നീ വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട ജില്ലയുടെ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ" എന്നീ വാക്കുകൾ ചേർക്കുക.

(iii) (3)-ാം ഉപവകുപ്പിൽ "തദ്ദേശീയമല്ലാത്ത" എന്ന വാക്കിനു പകരം "രാജ്യത്തിന് പുറത്തുള്ള" എന്നീ വാക്കുകൾ ചേർക്കുക.

(iv) (6)-ാം ഉപവകുപ്പിൽ "ആക്റ്റിവിറ്റി ഗ്രൂപ്പ്" എന്നീ വാക്കുകൾക്ക് ശേഷം ",നാമമാത്രകർഷകൻ" എന്ന ചിഹ്നവും വാക്കും, ഉപവകുപ്പിന്റെ അവസാനമായി "ഇവരുടെ അഭാവത്തിൽ മാത്രമേ മറ്റുള്ളവരെ പരിഗണിക്കാവൂ." എന്ന വാചകവും ചിഹ്നവും ചേർക്കുക.

(v) (13)-ാം ഉപവകുപ്പിൽ "പൊതുജലാശയങ്ങളിൽ നിന്ന് ജലം കയറ്റുവാനോ തിരികെ ഇറക്കുവാനോ" എന്നീ വാക്കുകൾക്ക് പകരം "പൊതുജലാശയത്തിലേയ്ക്ക് ജലം ഇറക്കുവാൻ" എന്നീ വാക്കുകൾ ചേർക്കുക.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

പി. പ്രസാദ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2021 ഒക്ടോബർ 28.

## അനുബന്ധം I

## വിയോജനക്കുറിപ്പ്

ഉൾനാടൻ മത്സ്യസമ്പത്തിൽ ഉണ്ടായിരിക്കുന്ന ഇടിവ് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി സുസ്ഥിരമായി നിലനിർത്തുന്നതിനും അക്വാകൾച്ചർ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനും പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളും മത്സ്യ കൃഷി വികസന പ്രവർത്തനങ്ങൾക്കായി ജില്ലാതലത്തിൽ അക്വാകൾച്ചർ ഡെവലപ്പ്മെന്റ് ഏജൻസിയുടെ രൂപീകരണവും ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യുന്നതിനാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ മേൽപ്പറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിനുള്ള പ്രായോഗിക സമീപനം ബില്ലിലെ വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

| | |
|---|---|
| അനൂപ് ജേക്കബ് | (ഒപ്പ്) |
| കുറുക്കോളി മൊയ്തീൻ | (ഒപ്പ്) |
| എം. വിൻസെന്റ് | (ഒപ്പ്) |

അനുബന്ധം II

# 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടതും വശത്തു വരച്ചതും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്രചിഹ്നം ഒഴിവാക്കലിനെയും സൂചിപ്പിക്കുന്നു]

## 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് (2010-ലെ 15) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2020 ഡിസംബർ മാസം 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ (2010-ലെ 15) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (ഡി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഡിഎ) 'ബ്രൂഡർ' എന്നാൽ വംശ വർദ്ധനവിന് പാകമായ മത്സ്യങ്ങൾ എന്നർത്ഥമാകുന്നു;";

1789/2021.

(ii) (ഇ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഇഎ) 'മത്സ്യക്കൂട്' എന്നാൽ മത്സ്യകൃഷി ചെയ്യുന്നതിനായി വല ഉപയോഗിച്ച് എല്ലാ വശങ്ങളും പൊതിഞ്ഞെടുത്ത് ജലാശയത്തിൽ സ്ഥാപിച്ചിരിക്കുന്ന കൂട് എന്നർത്ഥമാകുന്നു; ";

(iii) (എസ്) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (എസ്എ) 'പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ' അഥവാ 'കൗൺസിൽ' എന്നാൽ ഈ ആക്റ്റിലെ 6 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നർത്ഥമാകുന്നു;";

(iv) (റ്റി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (റ്റിഎ) 'വലവളപ്പ്' എന്നാൽ ജലജീവികളെ കൃഷി ചെയ്യുന്നതിനായി ജലാശയത്തിൽ വല ഉപയോഗിച്ച് വളച്ചുകെട്ടി വേർതിരിച്ചിരിക്കുന്ന സ്ഥലം എന്നർത്ഥമാകുന്നു;";

(v) (എക്സ്) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (എക്സ്എ) 'തട്ട്' എന്നാൽ ചിപ്പി വർഗ്ഗത്തിലുള്ള ജീവികളെ വളർത്തുന്നതിനായി ജലാശയത്തിൽ സ്ഥാപിച്ചിരിക്കുന്ന ഉപാധി എന്നർത്ഥമാകുന്നു;

(എക്സ്ബി) 'ത്ലൂമ്പ്' എന്നാൽ ഒരു അക്വാകൾച്ചർ ഫാമിന്റെയോ ഫിൽട്രേഷൻ നിലത്തിന്റെയോ പാടശേഖരത്തിന്റെയോ അകത്തേക്കും പുറത്തേക്കുമുള്ള ജലത്തിന്റെ പ്രവാഹം സാദ്ധ്യമാക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ആയി സ്ഥാപിച്ചിരിക്കുന്ന സംവിധാനം എന്നർത്ഥമാകുന്നതും ആയതിൽ 'പെട്ടിയും പറയും' ഉൾപ്പെടുന്നതുമാകുന്നു;

(എക്സ്സി) 'കെട്ടു കലക്കൽ' എന്നാൽ ചെമ്മീൻ കെട്ട് പാടങ്ങളിലെ ചെമ്മീൻ വാറ്റ് കഴിഞ്ഞതിനുശേഷം ചെമ്മീൻ കെട്ടിന്റെ അടിത്തട്ട് മനുഷ്യപ്രയത്നത്താൽ ഇളക്കി മറിച്ച് കെട്ടിൽ അവശേഷിക്കുന്ന മത്സ്യങ്ങളെ തനതായ മത്സ്യബന്ധന മാർഗ്ഗങ്ങളാൽ പിടിച്ചെടുക്കുന്ന രീതി എന്നർത്ഥമാകുന്നു;";

(vi) (ഇസഡ്) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഇസഡ്എ) 'വർഷക്കെട്ട്' എന്നാൽ വർഷം മുഴുവൻ ഫിൽട്രേഷൻ നടത്തുന്ന ചെമ്മീൻ വാറ്റ് നിലം എന്നർത്ഥമാകുന്നു.".

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3. പൊതുജലാശയങ്ങളിലെ മത്സ്യബന്ധനവും അനുബന്ധ പ്രവർത്തനങ്ങളും.—(1) ഉൾനാടൻ പൊതുജലാശയങ്ങളിലെ മത്സ്യബന്ധനം, അക്വാകൾച്ചർ എന്നീ പ്രവർത്തനങ്ങളുടെ നിയന്ത്രണവും, മത്സ്യ സംരക്ഷണവും, അക്വാകൾച്ചർ വികസനവും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്:

എന്നാൽ ഏതൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും അതിർത്തിയിൽ മാത്രം ഉൾപ്പെടുന്ന ഒരു പൊതു ജലാശയത്തെ സംബന്ധിച്ച മത്സ്യസംരക്ഷണവും, അക്വാകൾച്ചർ വികസനവും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുന്നതും ആയതിലേക്ക് ആവശ്യമായ സാങ്കേതിക ഉപദേശം, അതിനുവേണ്ടി നിയോഗിക്കപ്പെടുന്ന ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥൻ നൽകേണ്ടതുമാണ്.

(2) പൊതുജലാശയങ്ങളിൽ അക്വാകൾച്ചർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അനുമതി നിർണ്ണയിക്കപ്പെടുന്ന പ്രകാരം നൽകാവുന്നതാണ്.

(3) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പൊതു ജലാശയത്തെയോ തണ്ണീർത്തടത്തെയോ തൽസ്ഥിതിയിൽ നിന്നും രൂപാന്തരപ്പെടുത്തുന്ന യാതൊരു പ്രവർത്തനവും മത്സ്യത്തിന്റെ അതിജീവനത്തിനെ ദോഷകരമായി ബാധിക്കുന്ന തരത്തിലും നിർണ്ണയിക്കപ്പെട്ട പ്രകാരമല്ലാതെയും നിർവ്വഹിക്കുവാൻ പാടില്ലാത്തതാകുന്നു.

(4) ഈ വകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരാളും 36-ാം വകുപ്പ് പ്രകാരം ശിക്ഷാനടപടികൾക്ക് വിധേയനാകുന്നതാണ്.".

4. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 4. അക്വാകൾച്ചർ പ്രദേശമായി വിജ്ഞാപനം ചെയ്യൽ.—(1) സർക്കാരിന്, അക്വാകൾച്ചർ സംബന്ധിച്ച വികസനത്തിനോ അക്വാകൾച്ചർ മേഖലയുടെ പൊതുവായ താൽപ്പര്യങ്ങൾക്കോ വേണ്ടി, ഗസറ്റ് വിജ്ഞാപനം വഴി, ഏതെങ്കിലും പൊതുജലാശയത്തെയോ അതിന്റെ ഭാഗത്തേയോ അനുയോജ്യമായ മറ്റ് പ്രദേശങ്ങളെയോ അക്വാകൾച്ചർ സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് മാത്രമായുള്ള അക്വാകൾച്ചർ പ്രദേശമായി പ്രഖ്യാപിക്കാവുന്നതാണ്:

എന്നാൽ കോസ്റ്റൽ റഗുലേഷൻ സോണിൽ ഉൾപ്പെട്ട പ്രദേശങ്ങളുടെ കാര്യത്തിൽ ആയത് കോസ്റ്റൽ അക്വാകൾച്ചർ അതോറിറ്റിയുടെ അനുമതിക്ക് വിധേയമായിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മാത്രം അധീനതയിലുള്ള പൊതുജലാശയമോ പൊതു പ്രദേശമോ അക്വാകൾച്ചർ പ്രദേശമായി പ്രഖ്യാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കൂടിയാലോചിക്കേണ്ടതാണ്.

(2) അപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഏതൊരു അക്വാകൾച്ചർ പ്രദേശവും അക്വാകൾച്ചറുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കല്ലാതെ മറ്റേതെങ്കിലും വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുവാൻ പാടില്ലാത്തതാകുന്നു.

(3) അക്വാകൾച്ചർ പ്രദേശമായി വിജ്ഞാപനം ചെയ്യപ്പെട്ട വേലിയേറ്റ-വേലിയിറക്ക പ്രതിഭാസം അനുഭവപ്പെടുന്ന ഏതൊരു പ്രദേശവും മത്സ്യക്കൂടിലെ മത്സ്യകൃഷിക്കോ വലവളപ്പിലെ മത്സ്യകൃഷിക്കോ മൊളസ്ക് വിഭാഗത്തിലുള്ള ജീവികളുടെ വളർത്തലിനോ പായൽ കൃഷിക്കോ ഒഴികെ മറ്റേതൊരു ജലകൃഷി പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുവാൻ പാടില്ലാത്തതാകുന്നു.

(4) ഒരു അക്വാകൾച്ചർ പ്രദേശത്തിന്റെയോ പൊതുജലാശയത്തിന്റെയോ അഞ്ഞൂറ് മീറ്റർ ചുറ്റളവിൽ മത്സ്യകൃഷിക്ക് ദോഷകരമായി ബാധിക്കുന്ന തരത്തിൽ ജലാശയത്തിലേക്ക് നിർഗ്ഗമന സംവിധാനമുള്ള ഏതെങ്കിലും വ്യവസായ സംരംഭങ്ങൾ പുതിയതായി ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ആയതിന്റെ ആവശ്യത്തിലേക്ക് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും നിരാക്ഷേപപത്രം മുൻകൂറായി നേടിയിരിക്കേണ്ടതാണ് .

(5) ഒരു ജലാശയത്തിന്റെ വഹനക്ഷമതയോ മറ്റേതെങ്കിലും സാങ്കേതിക കാര്യങ്ങളോ പരിഗണിച്ചും 8 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാ അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിയുടെ ഉപദേശത്തിനനുസൃതമായും ഒരു അക്വാകൾച്ചർ പ്രദേശത്ത് അക്വാകൾച്ചറിനായുള്ള രജിസ്ട്രേഷനും ലൈസൻസും നൽകുന്ന നടപടി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ഏതുസമയത്തും നിർത്തിവയ്ക്കാവുന്നതാണ്.

(6) ഈ വകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരാളും 36-ാം വകുപ്പ് പ്രകാരം ശിക്ഷാനടപടികൾക്ക് വിധേയനാകുന്നതാണ്.".

5. 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 5. മത്സ്യബന്ധന നിയന്ത്രണം.—(1) ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം മത്സ്യബന്ധനത്തിനായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് എന്നിവ നേടാത്ത ഏതൊരു മത്സ്യബന്ധന ഉരുവോ സ്വതന്ത്രവലയോ ഉറപ്പിച്ച യന്ത്രമോ പൊതുജലാശയത്തിലെ മത്സ്യബന്ധന പ്രവർത്തനത്തിനായി യാതൊരാളും ഉപയോഗിക്കുകയോ ഉപയോഗിക്കുവാൻ ഇടയാക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാകുന്നു:

എന്നാൽ വിനോദാവശ്യത്തിനോ ആഹാരമായി സ്വയം ഉപയുക്തമാക്കുന്നതിനോ ഒറ്റച്ചൂണ്ട ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർ രജിസ്ട്രേഷനോ ലൈസൻസോ നേടേണ്ടതില്ല:

എന്നുമാത്രമല്ല അക്വാകൾച്ചർ വഴി ഉല്പാദിപ്പിച്ച മത്സ്യം വിളവെടുക്കുന്നതിന് ഈ വ്യവസ്ഥ തടസ്സമാകുന്നതല്ല.

(2) മത്സ്യസംരക്ഷണത്തിനായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ പ്രവൃത്തികളെ നിരോധിക്കാവുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും പൊതുജലാശയത്തിൽ നിന്നുള്ള മത്സ്യബന്ധനം;

(ബി) ഏതെങ്കിലും ഇനത്തിലുള്ള മത്സ്യങ്ങൾ പിടിച്ചെടുക്കുന്നത്;

(സി) ഏതെങ്കിലും വലിപ്പത്തിലോ തൂക്കത്തിലോ ഉള്ള മത്സ്യങ്ങൾ പിടിച്ചെടുക്കുന്നത്;

(ഡി) ഏതെങ്കിലും കാലയളവിലുള്ള മത്സ്യബന്ധനം;

(ഇ) ഏതെങ്കിലും തരത്തിലുള്ള മത്സ്യബന്ധന രീതി;

(എഫ്) ഏതെങ്കിലും തരത്തിലുള്ളതോ കണ്ണിവലിപ്പത്തിലുള്ളതോ ആയ സ്വതന്ത്രവലയോ ഉറപ്പിച്ച യന്ത്രമോ മറ്റ് ഉപകരണങ്ങളോ ഉപയോഗിച്ചുള്ള മത്സ്യബന്ധനം; കൂടാതെ

(ജി) ഏതെങ്കിലും തരത്തിലുള്ള മത്സ്യബന്ധന ഉരു ഉപയോഗിച്ചുള്ള മത്സ്യബന്ധനം.

(3) മത്സ്യസംരക്ഷണത്തിനായി പൊതുജലാശയങ്ങളിൽ നിന്ന് താഴെപ്പറയുന്ന രീതിയിലുള്ള മത്സ്യബന്ധനം, ശേഖരണം എന്നിവ പാടുള്ളതല്ല, അതായത്:—

(എ) വേലിയേറ്റ സമയത്ത് ഉറപ്പിച്ച യന്ത്രം ഉപയോഗിച്ചുള്ള മത്സ്യബന്ധനം;

(ബി) നാല് മീറ്ററിൽ കൂടുതൽ വായ്‌വട്ടമുള്ള കുറ്റിവല അഥവാ ഊന്നിവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം;

(സി) മത്സ്യപ്രജനനത്തിന് സഹായകരമായ വസ്തുക്കൾ സ്വകാര്യമായി സ്ഥാപിച്ചുള്ള മത്സ്യബന്ധനം;

(ഡി) സംരക്ഷിത മത്സ്യപ്രദേശങ്ങളിൽ നിന്നോ സംരക്ഷിത മത്സ്യസങ്കേതത്തിൽ നിന്നോ ഉള്ള മത്സ്യബന്ധനം;

(ഇ) അഴിമുഖത്ത് നിന്ന് കായൽ ഭാഗത്തേക്ക് ഒരു കിലോമീറ്റർ വരെയുള്ള ദൂരത്തിൽ കുറ്റിവല അഥവാ ഊന്നിവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം;

(എഫ്) ഒരു പാലത്തിന്റെ ഇരുവശങ്ങളിലുമായി അമ്പത് മീറ്റർ വരെയുള്ള ദൂരപരിധിയിൽ ഒരു പൊതുജലാശയത്തിലെ മത്സ്യങ്ങളുടെ സുഗമമായ സഞ്ചാരത്തെ തടസ്സപ്പെടുത്തുന്ന വിധത്തിലുള്ള മത്സ്യബന്ധനം;

(ജി) രാത്രികാലങ്ങളിൽ ഇരുപത് വാട്സിൽ കൂടുതൽ ശക്തിയുള്ള ഇലക്ട്രിക് വിളക്കുകൾ ഒരെണ്ണമായോ ഒന്നിലധികമായോ ഉപയോഗിച്ച് മത്സ്യങ്ങളെ ആകർഷിച്ചു കൊണ്ടുള്ള മത്സ്യബന്ധനം;

(എച്ച്) പൊതുജലാശയത്തിന്റെ വീതിയുടെ അമ്പത് ശതമാനത്തിൽ കൂടുതൽ ഭാഗം തടസ്സപ്പെടുത്തിക്കൊണ്ടുള്ള മത്സ്യബന്ധനം:

എന്നാൽ ഫിഷറീസ് ഡയറക്ടർക്ക് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഫിഷറീസ് മേഖലയിലെ ഏതൊരു സർക്കാർ സ്ഥാപനത്തിന്റെയും ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ ഉപവകുപ്പിലെ ഏതെങ്കിലും നിരോധനങ്ങളിൽ നിന്നും ഇളവ് അനുവദിക്കാവുന്നതാണ്.

(4) മത്സ്യസംരക്ഷണത്തിനായി പൊതുജലാശയങ്ങളിൽ ഉറപ്പിച്ച യന്ത്രം ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കേണ്ടതാണ്.

(5) ഒരു ഉറപ്പിച്ച യന്ത്രത്തിന്റെ പത്ത് മീറ്റർ ചുറ്റളവിൽ യാതൊരാളും സ്വതന്ത്രവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുവാൻ പാടില്ലാത്തതാകുന്നു.

(6) പൊതുജലാശയത്തിൽ സ്ഥാപിച്ച ഉറപ്പിച്ച യന്ത്രത്തിന്റെ സ്ഥാനം, ഒരിക്കൽ അനുവാദം ലഭിച്ച സ്ഥാനത്തുനിന്ന് മാറ്റി മറ്റൊരിടത്തേക്ക് സ്ഥാപിക്കുന്നത്, ഈ ആക്റ്റിലെ 6 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട, ബന്ധപ്പെട്ട പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, നിർണ്ണയിക്കപ്പെട്ട പ്രകാരത്തിൽ മാത്രം ആയിരിക്കേണ്ടതാണ്.

(7) മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതിനായി മത്സ്യബന്ധന ഉരു, ഉറപ്പിച്ച യന്ത്രം, സ്വതന്ത്രവല എന്നിവയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് എന്നിവ നേടിയ ഏതൊരാളിനും ഉൾനാടൻ മത്സ്യബന്ധന മേഖല സുസ്ഥിരമായി നിലനിർത്തുന്നതിന് നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള കർത്തവ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(8) മത്സ്യബന്ധന വകുപ്പ് വഴി ലഭിച്ചിട്ടുള്ള വ്യവസ്ഥാപിത ലൈസൻസുള്ളവരുടെ ഉറപ്പിച്ച യന്ത്രത്തിനല്ലാതെ പുതിയതായി സ്ഥാപിതമാകുന്നതിന് രജിസ്ട്രേഷനോ ലൈസൻസോ നൽകുവാൻ പാടുള്ളതല്ല:

എന്നാൽ ഒരു ശാസ്ത്രീയ പഠനത്തിന് വിധേയമായി നിർണ്ണയിക്കപ്പെട്ട രീതിയിൽ പുതിയ രജിസ്ട്രേഷൻ നൽകാവുന്നതാണ്.

(9) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും പൊതുജലാശയത്തിൽ മത്സ്യബന്ധന പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനായി ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം നേടിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് എന്നിവ കൂടാതെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയും നേടിയിരിക്കേണ്ടതാണ്.

(10) യാതൊരാളും ഒരേ സമയം ഒന്നിൽ കൂടുതൽ ചീനവലയോ അല്ലെങ്കിൽ നാലിൽ കൂടുതൽ ഊന്നിവല അഥവാ കുറ്റിവലകളോ അല്ലെങ്കിൽ ഒരേ ഇനത്തിൽപ്പെടുന്ന നാലിൽ കൂടുതൽ സ്വതന്ത്രവലകളോ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്നതിനുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് എന്നിവ നേടാൻ പാടില്ലാത്തതും, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം അനുവദിക്കുവാൻ പാടില്ലാത്തതുമാണ്:

എന്നാൽ 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് തത്സമയം പ്രാബല്യത്തിലുണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം നിലവിൽ സ്വായത്തമാക്കിയവയുടെ കാര്യത്തിൽ മേൽപ്പറഞ്ഞ പരിധി ബാധകമായിരിക്കുന്നതല്ല.

(11) ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം ഫിൽട്രേഷൻ ഏർപ്പെടുത്തുന്നതിനായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് എന്നിവ സ്വായത്തമാക്കാത്ത യാതൊരാളും സ്വകാര്യ ജലാശയത്തിലോ പൊതു ജലാശയത്തിലോ ഫിൽട്രേഷൻ ഏർപ്പെടുത്തുവാൻ പാടുള്ളതല്ല. ലൈസൻസോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ സ്വായത്തമാക്കിക്കൊണ്ട് ഏർപ്പെടുത്തുന്ന ഫിൽട്രേഷൻ താഴെപ്പറയുന്ന നിയന്ത്രണങ്ങൾക്കും നിരോധനങ്ങൾക്കും വിധേയമായിരിക്കുന്നതാണ്, അതായത്:—

(എ) ഫിൽട്രേഷനുവേണ്ടി നേടിയ ലൈസൻസിന്റെ അടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തിയ മത്സ്യവിത്ത് ഉപയോഗിച്ചുള്ളതല്ലാതെ മറ്റ് യാതൊരു അക്വാകൾച്ചർ പ്രവർത്തനങ്ങളും നടത്തുവാൻ പാടുള്ളതല്ല;

(ബി) യാതൊരാളും [***] ആന്റിബയോട്ടിക്കുകൾ, രാസപദാർത്ഥങ്ങൾ, കീടനാശിനികൾ, അക്വാകൾച്ചറിനുവേണ്ടി ഉപയോഗിക്കുന്ന മറ്റു മരുന്നുകൾ എന്നിവ ഫിൽട്രേഷനായുള്ള പ്രദേശത്ത് ഉപയോഗിക്കുവാൻ പാടുള്ളതല്ല;

(സി) ഏതൊരു ഫിൽട്രേഷൻ പ്രദേശത്തെയും ത്തുമ്പുകളിലും രാത്രികാലങ്ങളിൽ മത്സ്യങ്ങളെ ആകർഷിച്ച് കയറ്റുന്നതിനായി ഇരുപത് വാട്സിൽ കൂടുതൽ പ്രകാശമുള്ള വിളക്കുകൾ ഒരെണ്ണമായോ ഒന്നിലധികമായോ യാതൊരാളും ഉപയോഗിക്കുവാൻ പാടുള്ളതല്ല;

(ഡി) യാതൊരാളും ഫിൽട്രേഷൻ പ്രദേശത്തേക്ക് മത്സ്യങ്ങളെ തീറ്റ നൽകി ആകർഷിക്കുവാൻ പാടുള്ളതല്ല;

(ഇ) യാതൊരാളും 2014-ലെ മത്സ്യവിത്ത് ആക്റ്റ് (2015-ലെ 4-ാം ആക്റ്റ്) പ്രകാരം സാക്ഷ്യപ്പെടുത്താത്ത ചെമ്മീൻകുഞ്ഞുങ്ങളെ ഫിൽട്രേഷൻ പ്രദേശങ്ങളിൽ കൃത്രിമമായി നിക്ഷേപിക്കുവാൻ പാടുള്ളതല്ല;

(എഫ്) യാതൊരാളും ഫിൽട്രേഷൻ പ്രദേശത്ത് നിന്ന് മത്സ്യത്തെ ശേഖരിക്കുന്നതിനായി ഇരുപത് മില്ലിമീറ്ററിൽ കുറഞ്ഞ കണ്ണിവലിപ്പമുള്ള വലകൾ ട്രൂപ്പുകളിൽ ഉപയോഗിക്കുവാൻ പാടുള്ളതല്ല;

(ജി) യാതൊരാളും പരമ്പരാഗത ഫിൽട്രേഷൻ പ്രദേശത്തെ നികത്തിയെടുക്കാൻ പാടുള്ളതല്ല;

(എച്ച്) മത്സ്യത്തൊഴിലാളികൾക്കുള്ള പരമ്പരാഗത മത്സ്യബന്ധന അവകാശം നിലവിലുള്ള ഫിൽട്രേഷൻ പ്രദേശത്ത് ആയത് അനുവദിച്ചുകൊണ്ട്, സർക്കാർ കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനത്തിലൂടെ പ്രസിദ്ധപ്പെടുത്തുന്ന കാലയളവിലല്ലാതെ യാതൊരാളും അത്തരത്തിലുള്ള മത്സ്യബന്ധനം നടത്തുവാൻ പാടുള്ളതല്ല:

എന്നാൽ അക്വാകൾച്ചർ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിനായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് എന്നിവ നേടിയ ജല പ്രദേശത്ത് മാമൂൽപ്രകാരമുള്ള മത്സ്യബന്ധനാവകാശം ഇല്ലാതിരിക്കുന്നതും, പ്രസ്തുത സ്ഥലത്ത് യാതൊരു കാരണവശാലും ഫിൽട്രേഷൻ നടത്തുവാൻ പാടില്ലാത്തതുമാണ്. പ്രസ്തുത പ്രദേശത്ത് വീണ്ടും ഫിൽട്രേഷൻ ഏർപ്പെടുത്തേണ്ടതുണ്ടെങ്കിൽ, അക്വാകൾച്ചർ പ്രവർത്തനത്തിനായി നേടിയ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ റദ്ദാക്കിയ ശേഷം ഫിൽട്രേഷൻ ഏർപ്പെടുത്തുന്നതിനുള്ള രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ പുതിയതായി കരസ്ഥമാക്കേണ്ടതും, പ്രസ്തുത സ്ഥലത്ത് മേൽപ്പറഞ്ഞ മത്സ്യബന്ധനാവകാശം പുനഃസ്ഥാപിക്കപ്പെടേണ്ടതുമാണ്;

(ഐ) പുതിയതായി വർഷക്കെട്ട് ഏർപ്പെടുത്തുന്നതിനുള്ള രജിസ്ട്രേഷൻ യാതൊരാൾക്കും നൽകുവാൻ പാടുള്ളതല്ല;

(ജെ) മത്സ്യങ്ങളെ ജീവനോടെയോ അല്ലാതെയോ പിടിച്ചെടുക്കുന്നതിന് ഒരു വിധത്തിലുമുള്ള കീടനാശിനികളോ, വിഷവസ്തുക്കളോ, മത്സ്യങ്ങളെ മയക്കുന്ന പദാർത്ഥങ്ങളോ, മറ്റ് രാസപദാർത്ഥങ്ങളോ യാതൊരാളും ഫിൽട്രേഷൻ ഏർപ്പെടുത്തിയിരിക്കുന്ന പ്രദേശത്ത് നേരിട്ടോ, മറ്റു വസ്തുക്കളോടൊപ്പം കലർത്തിയോ ഉപയോഗിക്കുവാൻ പാടുള്ളതല്ല;

(കെ) യാതൊരാളും ഫിൽട്രേഷൻ പ്രദേശത്ത് ജലമലിനീകരണത്തിന് കാരണമാകുന്ന ഏതു തരത്തിലുമുള്ള ജൈവ-രാസമാലിന്യങ്ങൾ, ഗാർഹിക മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, എന്നിവ നേരിട്ടോ മറ്റേതെങ്കിലും മാർഗ്ഗത്തിൽ കൂടിയോ നിക്ഷേപിക്കുകയോ, നിക്ഷേപിക്കുന്നതിന് കാരണമാകുകയോ ചെയ്യുവാൻ പാടുള്ളതല്ല;

(12) പൊതു ജലാശയങ്ങളിൽ പ്രകൃതിദത്തമായി നിക്ഷേപമുള്ള കക്കവർഗ്ഗ ജീവിയുടെയോ അവയുടെ പുറംതോടിന്റെയോ വ്യാവസായിക ശേഖരണം നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നിയന്ത്രണത്തിനും നിരോധനത്തിനും വിധേയമായിരിക്കുന്നതാണ്.

(13) മത്സ്യബന്ധനം നടത്തിയതോ ശേഖരിച്ചിട്ടുള്ളതോ സംഭരിച്ചിട്ടുള്ളതോ ആയ കക്കവർഗ്ഗ ജീവികളെ അവയുടെ പുറംതോട് അവസ്ഥയിലോ അല്ലാതെയോ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള കടത്ത് പെർമിറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് ഇരുന്നൂറ് കിലോ ഗ്രാമിൽ കൂടുതലായി കടത്തുവാൻ പാടുള്ളതല്ല.

(14) ഈ വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും 36-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാനടപടികൾക്ക് വിധേയനാകുന്നതാണ്.".

6. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"6. തെരഞ്ഞെടുത്ത ജലാശയങ്ങളിലെ മത്സ്യസംരക്ഷണം.—(1) മത്സ്യ സംരക്ഷണത്തിനായി നദികൾ, കായലുകൾ, തടാകങ്ങൾ, സർക്കാർ ഇതിലേക്കായി വിജ്ഞാപനം ചെയ്തിട്ടുള്ള മറ്റു ജലാശയങ്ങൾ എന്നിവിടങ്ങളിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടത്തുവാൻ പാടുള്ളതല്ല, അതായത്:—

(എ) ജലാശയത്തിന്റെ സ്വാഭാവിക ഒഴുക്കിനും മത്സ്യത്തിന്റെ സഞ്ചാരത്തിനും പ്രജനനത്തിനും തടസ്സം സൃഷ്ടിക്കുന്ന തരത്തിലുള്ള നിർമ്മിതി;

(ബി) ജലാശയത്തിൽ ഖരരൂപത്തിലുള്ളതോ ദ്രവരൂപത്തിലുള്ളതോ ആയ മലിനവസ്തുക്കൾ, രാസവസ്തുക്കൾ, കീടനാശിനികൾ, പ്ലാസ്റ്റിക് എന്നിവ നിക്ഷേപിക്കൽ;

(സി) സർക്കാർ വിജ്ഞാപനം വഴി അനുവദിച്ചിട്ടുള്ളവയല്ലാത്ത വിദേശ മത്സ്യ ഇനത്തിന്റെ പ്രജനനം, നിക്ഷേപം, പരിപാലനം, വിപണനം;

(ഡി) വന്യജീവി സങ്കേതത്തിലെ ജലാശയങ്ങളിൽ തദ്ദേശീയമായ മത്സ്യസമ്പത്തിന് ഹാനികരമായേക്കാവുന്ന മറ്റ് മത്സ്യങ്ങളെ നിക്ഷേപിക്കൽ.

(2) പ്രകൃത്യാൽ ഉണ്ടാകുന്ന മത്സ്യവിത്തിന്റെ കാര്യത്തിൽ സർക്കാർ വിജ്ഞാപനത്തിലൂടെ അനുവദിച്ചിട്ടുള്ള ഇനങ്ങളിൽ ഉൾപ്പെടാത്തവ പൊതുജലാശയത്തിൽ നിന്ന് ശേഖരിക്കുന്നതിനോ സൂക്ഷിക്കുന്നതിനോ വളർത്തുന്നതിനോ വിൽപ്പന നടത്തുന്നതിനോ വാങ്ങുന്നതിനോ പരിവഹനം നടത്തുന്നതിനോ പാടുള്ളതല്ല:

എന്നാൽ ഫിഷറീസ് ഡയറക്ടറുടെ അനുമതിയോടെയും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലും കേന്ദ്രസർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഗവേഷണ, വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി അവയെ ശേഖരിക്കാവുന്നതാണ്.

(3) ഈ വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും 36-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയനാകുന്നതാണ്.

6 എ. പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ രൂപീകരണം.—(1) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസംരക്ഷണം സുസ്ഥിരമായും ഉത്തരവാദിത്തപരമായും നിർവ്വഹിക്കപ്പെടുന്നുണ്ടെന്നും, ഈ ആക്റ്റിലെയും അതിൻ കീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലെയും വ്യവസ്ഥകൾ ശരിയായ രീതിയിൽ നടപ്പിലാക്കപ്പെടുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി നദികൾ, കായലുകൾ, തടാകങ്ങൾ, ഫിൽട്രേഷൻ പ്രദേശങ്ങൾ, മറ്റ് പാടങ്ങൾ, ചതുപ്പ് പ്രദേശങ്ങൾ, സർക്കാർ ഇതിലേക്കായി വിജ്ഞാപനം ചെയ്തിട്ടുള്ള മറ്റു പൊതു ജലാശയങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തി അവയെ ഒന്നാകെയോ, ഭാഗങ്ങളായി തിരിച്ചോ സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കാവുന്നതാണ്.

(2) പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| (i) | ബന്ധപ്പെട്ട ജലാശയത്തിന്റെ കൂടുതൽ ഭാഗം ഉൾപ്പെടുന്ന ജില്ലയുടെ കളക്ടർ | - ചെയർപേഴ്സൺ |
| (ii) | ബന്ധപ്പെട്ട ജലാശയത്തിന്റെ കൂടുതൽ ഭാഗം ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ/ മുനിസിപ്പൽ കോർപ്പറേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി (വികസനം) ചെയർമാൻ (പരമാവധി ഏഴ് പേർ) | - അംഗങ്ങൾ |
| (iii) | ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവർ (പരമാവധി രണ്ടു പേർ) | - അംഗങ്ങൾ |
| (iv) | ഫിഷറീസ് രംഗത്തെ വിദഗ്ധരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവർ (പരമാവധി രണ്ടു പേർ) | - അംഗങ്ങൾ |
| (v) | ഉൾനാടൻ മേഖലയിലെ മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയൻ പ്രവർത്തകരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവർ (പരമാവധി നാലു പേർ) | - അംഗങ്ങൾ |

| | | | |
|---|---|---|---|
| (vi) | അൻപത് വയസ്സിനുമേൽ പ്രായമുള്ള മുതിർന്ന മത്സ്യത്തൊഴിലാളികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവർ (പരമാവധി രണ്ടു പേർ) | - | അംഗങ്ങൾ |
| (vii) | ബന്ധപ്പെട്ട ജലാശയത്തിന്റെ കൂടുതൽ ഭാഗം ഉൾപ്പെടുന്ന ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | - | അംഗം |
| (viii) | ബന്ധപ്പെട്ട ജലാശയത്തിന്റെ കൂടുതൽ ഭാഗം ഉൾപ്പെടുന്ന പ്രദേശത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചനം | - | അംഗം |
| (ix) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ഒരു ആഫീസർ | - | അംഗം |
| (x) | ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മേഖല) | - | അംഗം |
| (xi) | ബന്ധപ്പെട്ട ജലാശയത്തിന്റെ കൂടുതൽഭാഗം ഉൾപ്പെടുന്ന ജില്ലയുടെ ചുമതലയുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ/ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ | - | മെമ്പർ സെക്രട്ടറി |

6 ബി. <u>പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അധികാരങ്ങളും, കർത്തവ്യങ്ങളും, ചുമതലകളും.</u>—(1) പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഉത്തരവാദിത്തമത്സ്യബന്ധനം, ഉൾനാടൻ മത്സ്യസമ്പത്തിന്റെ സംരക്ഷണം എന്നിവയെക്കുറിച്ച് മത്സ്യത്തൊഴിലാളികൾ, തീരദേശവാസികൾ എന്നിവർക്കിടയിൽ ബോധവൽക്കരണം നടത്തുക;

(ബി) ഉൾനാടൻ മത്സ്യസമ്പത്തിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ ഉപദേശം നൽകുകയും ചെയ്യുക;

(സി) ഒരു പൊതു ജലാശയത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടി തദ്ദേശീയമായ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് ഉൾനാടൻ ഫിഷറി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക;

(ഡി) മത്സ്യബന്ധനം നടത്തുന്നവരുടെയും തീരദേശവാസികളുടെയും ഇടയിലുള്ള മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും സാമൂഹിക കലഹങ്ങളും പരിഹരിക്കുക;

(ഇ) ഈ ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കപ്പെടുന്നുണ്ടെന്ന് പ്രാദേശികമായി ഉറപ്പ് വരുത്തുക; കൂടാതെ

(എഫ്) ഈ ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കപ്പെടുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും ഫിഷറീസ് വകുപ്പിലെ ബന്ധപ്പെട്ട സാങ്കേതിക ഉദ്യോഗസ്ഥൻ കൺവീനറായും ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം പ്രസിഡന്റുമാർ, ഗ്രാമപഞ്ചായത്തിലെ തീരദേശ വാർഡ് മെമ്പർമാർ എന്നിവർ അംഗങ്ങളുമായ വില്ലേജ്തല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

(2) കൗൺസിലിന്റെ ഭരണ സംവിധാനം, യോഗത്തിന്റെ നടപടിക്രമങ്ങൾ, അംഗങ്ങളുടെ യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

6സി. <u>കൗൺസിലിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി, രാജിവയ്ക്കൽ, ആകസ്മിക ഒഴിവുകൾ, നീക്കം ചെയ്യൽ മുതലായവ</u>.—(1) ഔദ്യോഗിക സ്ഥാനം വഹിക്കുന്നതുവഴി കൗൺസിലിൽ അംഗങ്ങളാകുന്ന ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും കാലാവധി, അവർ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്നതുവരെയും, നാമനിർദ്ദേശം ചെയ്യപ്പെടുന്നതുവഴി അംഗങ്ങളാകുന്നവരുടെ കാലാവധി, വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ അഞ്ച് വർഷത്തേക്കും ആയിരിക്കുന്നതാണ്.

(2) കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അനൗദ്യോഗിക അംഗത്തിന്, സർക്കാരിന്, ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട്, തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരേണ്ടതുമാണ്.

(3) നാമനിർദ്ദേശം ചെയ്യപ്പെടുന്ന അനൗദ്യോഗിക അംഗത്തിന്റെ ഇടക്കാല ഒഴിവോ ആകസ്മിക ഒഴിവോ ഒഴിവുണ്ടായ തീയതി മുതൽ മൂന്നു മാസത്തിനകം നികത്തേണ്ടതും അപ്രകാരം പുതിയതായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗം, അദ്ദേഹം ആരുടെ ഒഴിവിലേക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന്റെ ശേഷിക്കുന്ന കാലയളവിലേക്ക് മാത്രം സ്ഥാനം വഹിക്കേണ്ടതുമാണ്.

(4) സർക്കാരിന്, നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരംഗത്തേയും,—

(എ) അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലാത്തതായി അധികാരിതയുള്ള കോടതിയാൽ വിധിക്കപ്പെട്ടാൽ;

(ബി) അദ്ദേഹം ഒരു അവിമുക്ത നിർദ്ധനനായി അധികാരിതയുള്ള കോടതിയാൽ വിധിക്കപ്പെട്ടാൽ;

(സി) ശാരീരികമോ മാനസികമോ ആയ വൈകല്യത്താൽ അദ്ദേഹത്തിന് അപ്രകാരം തുടരാൻ കഴിവില്ലാതെ വന്നാൽ;

(ഡി) സർക്കാരിന്റെ അഭിപ്രായത്തിൽ, സദാചാര വിരുദ്ധമായതോ അല്ലെങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെട്ടതോ ആയ ഒരു കുറ്റകൃത്യത്തിന് അദ്ദേഹം ശിക്ഷിക്കപ്പെട്ടാൽ,

തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്.".

7. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"8. അക്വാകൾച്ചർ പ്രവർത്തനങ്ങളുടെ നിയന്ത്രണം.—(1)ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് എന്നിവ നേടാത്ത യാതൊരാളും ഏതൊരു ഉൾനാടൻ ജലാശയത്തിലും അക്വാകൾച്ചർ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ പാടുള്ളതല്ല:

എന്നാൽ ഏതെങ്കിലും ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അതിർത്തിയിൽ മാത്രം ഉൾപ്പെടുന്ന ഒരു പൊതുജലാശയത്തിൽ അക്വാകൾച്ചർ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിന് രജിസ്ട്രേഷനും ലൈസൻസും ലഭിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിപത്രം കൂടി ഉണ്ടായിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല ഗസറ്റ് വിജ്ഞാപനം മുഖേന സർക്കാർ നിഷ്കർഷിക്കുന്ന വലിപ്പത്തിലും തരത്തിലുമുള്ള ചെറിയ കുളത്തിൽ/ടാങ്കിൽ വിനോദത്തിനായി മത്സ്യത്തെ പരിപാലിക്കുന്നതിന് ഈ വകുപ്പ് പ്രകാരം രജിസ്ട്രേഷനോ ലൈസൻസോ ആവശ്യമില്ല.

(2) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അക്വാകൾച്ചറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ, ഏതെങ്കിലുമോ സംഗതികൾ, സ്ഥിരമോ താൽക്കാലികമോ ആയി, പരിമിതപ്പെടുത്തുകയോ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യാവുന്നതാണ്, അതായത്:—

(എ) ഓരോ അക്വാകൾച്ചർ രീതിയിലും പരമാവധി ഉപയോഗിക്കാവുന്ന മത്സ്യവിത്തിന്റെ എണ്ണം, ഉപയോഗിക്കുന്ന മത്സ്യ ഇനത്തിനനുസരിച്ച് പരിമിതപ്പെടുത്തുക;

(ബി) ഏതെങ്കിലും മരുന്നുകൾ, ആന്റിബയോട്ടിക്കുകൾ, കീടനാശിനികൾ, മത്സ്യനാശിനികൾ, പ്രൊബയോട്ടിക്കുകൾ, ഗ്രോത്ത് പ്രൊമോട്ടറുകൾ, മറ്റു രാസവസ്തുക്കൾ എന്നിവയുടെ ഉപയോഗം പൂർണ്ണമായും നിയന്ത്രിക്കുക, ഉപയോഗിക്കാവുന്നവയുടെ പരമാവധി അളവ് നിശ്ചയിക്കുക, അവയുടെ ശരിയായ ഉപയോഗം ഉറപ്പ് വരുത്തുന്നതിന് മത്സ്യകൃഷിക്കാരന് സാങ്കേതിക ഉപദേശം നൽകുന്നവരുടെ വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുക;

(സി) മത്സ്യങ്ങളുടെ പ്രജനനകേന്ദ്രങ്ങളോ നഴ്സറികളോ ആയ പാരിസ്ഥിതികപ്രാധാന്യമുള്ള പ്രദേശങ്ങളെ അക്വാകൾച്ചറിനായി ഉപയോഗപ്പെടുത്തുക;

(ഡി) ഓരോ തരം അക്വാകൾച്ചർ രീതിയിലും വളർത്താവുന്ന പരമാവധി മത്സ്യത്തിന്റെ തൂക്കം അഥവാ 'ബയോമാസ്സ്' മത്സ്യ ഇനത്തിനനുസരിച്ച് പരിമിതപ്പെടുത്തുക;

(ഇ) ഒരു വിള നെൽകൃഷിയെങ്കിലും ചെയ്യാൻ അനുയോജ്യമായ ഏതൊരു പാടത്തും നെൽക്യഷിക്കാലയളവിൽ അക്വാകൾച്ചർ പ്രവർത്തനത്തിൽ ഏർപ്പെടുന്നത് നിരോധിക്കുക:

എന്നാൽ നെൽകൃഷിക്ക് അനുയോജ്യമല്ലായെന്ന് ബന്ധപ്പെട്ട ജില്ലയുടെ പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന പാടങ്ങൾക്ക് ഈ നിരോധനം ബാധകമല്ല.

(3) ക്വാറന്റൈൻ നടപടികൾക്കും ഗുണമേന്മ പരിശോധനകൾക്കും വിധേയമാക്കാതെ, മത്സ്യകൃഷിക്കായി രാജ്യത്തിന് പുറത്തുള്ള യാതൊരു മത്സ്യത്തെയും അവയുടെ വിത്തുകളേയും ഉപയോഗപ്പെടുത്തുവാൻ പാടുള്ളതല്ല.

(4) മത്സ്യരോഗം ബാധിച്ച കൃഷിയിടത്തിലെ ജലം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ അണുവിമുക്തമാക്കാതെ യാതൊരു പൊതുജലാശയത്തിലേക്കും തുറന്നുവിടുവാൻ പാടുള്ളതല്ല.

(5) ഓരോ പൊതുജലാശയത്തിലും അക്വാകൾച്ചർ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പരമാവധി വഹനക്ഷമത, ഈ ആക്റ്റിലെ 8 എ വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാ അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഗസറ്റ് വിജ്ഞാപനം മുഖേന സർക്കാരിന് നിശ്ചയിക്കാവുന്നതും ആയതിന് വിരുദ്ധമായി യാതൊരാൾക്കും പുതിയ രജിസ്ട്രേഷനും ലൈസൻസും നൽകുവാൻ പാടില്ലാത്തതുമാണ്.

(6) വേലിയേറ്റ-വേലിയിറക്ക പ്രതിഭാസം അനുഭവപ്പെടുന്ന ഒരു പൊതുജലാശയത്തിൽ അക്വാകൾച്ചർ നടത്തുന്നതിനായുള്ള രജിസ്ട്രേഷനും ലൈസൻസും ആ പ്രദേശത്തിനടുത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ്, ഉൾനാടൻ മത്സ്യത്തൊഴിലാളി, വനിത അയൽക്കൂട്ടം, ആക്ടിവിറ്റി ഗ്രൂപ്പ്, നാമമാത്രകർഷകൻ എന്നിങ്ങനെയുള്ള മുൻഗണനാക്രമം പാലിക്കാതെ യാതൊരാൾക്കും അനുവദിക്കുവാൻ പാടുള്ളതല്ല. ഇവരുടെ അഭാവത്തിൽ മാത്രമേ മറ്റുള്ളവരെ പരിഗണിക്കാവൂ.

(7) ഏതൊരു സാഹചര്യത്തിലും ഏതൊരാൾക്കും നൂറ് ഘനമീറ്റർ വ്യാപ്തിയിൽ കൂടുതൽ മത്സ്യക്കൂടുകളും ഇരുപത്തിയഞ്ച് ചതുരശ്രമീറ്റർ വിസ്തൃതിയിൽ കൂടുതലായി തട്ടുകളും നൂറ് ചതുരശ്ര മീറ്റർ വിസ്തൃതിയിൽ കൂടുതലായി വല വളപ്പുകളും അനുവദിക്കുവാൻ പാടുള്ളതല്ല.

(8) വേലിയേറ്റ-വേലിയിറക്ക പ്രതിഭാസം അനുഭവപ്പെടാത്ത, ഒരു പൊതു ജലാശയത്തിൽ അക്വാകൾച്ചർ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനായുള്ള രജിസ്ട്രേഷനും ലൈസൻസും ആ പ്രദേശത്തിനടുത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ്, ഉൾനാടൻ മത്സ്യത്തൊഴിലാളി, വനിത അയൽക്കൂട്ടം, ആക്ടിവിറ്റി ഗ്രൂപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ, വിമുക്തഭടൻ, നാമമാത്ര കർഷകൻ എന്നിങ്ങനെയുള്ള മുൻഗണനാക്രമം പാലിക്കാതെ യാതൊരാൾക്കും അനുവദിക്കാൻ പാടുള്ളതല്ല:

എന്നാൽ ജലസംഭരണികളുടെ കാര്യത്തിൽ ബന്ധപ്പെട്ട പ്രദേശത്തെ മത്സ്യത്തൊഴിലാളി സഹകരണസംഘത്തിന്റെ അഭാവത്തിൽ മാത്രമേ മറ്റുള്ളവരെ പരിഗണിക്കേണ്ടതുള്ളൂ:

എന്നുമാത്രമല്ല വനപ്രദേശത്തുള്ള പൊതു ജലാശയത്തിൽ അക്വാകൾച്ചർ ഏർപ്പെടുത്തുന്നതിനുള്ള അവകാശം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

(9) പൊതുജലാശയങ്ങളിലെ അക്വാകൾച്ചർ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും പരിസ്ഥിതിക്ക് ഹാനികരമാകാൻ പാടുള്ളതല്ല.

(10) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരാളും ജീവനുള്ള വളർത്തു മത്സ്യങ്ങളെ ഒരു അക്വാകൾച്ചർ സ്ഥലത്ത് നിന്ന് പൊതുജലാശയത്തിലേക്ക് നിക്ഷേപിക്കുവാനോ ഇറക്കുവാനോ പാടുള്ളതല്ല.

(11) യാതൊരാളും സർക്കാർ ഉത്തരവുമൂലം ഇതിലേക്കായി നിശ്ചയിച്ച വിദ്യാഭ്യാസയോഗ്യതയുള്ള ആളിന്റെ ലിഖിതമായ നിർദ്ദേശം കൂടാതെ പൊതു ജലാശയത്തിലോ സ്വകാര്യ ജലാശയത്തിലോ കീടനാശിനികളോ ആന്റിബയോട്ടിക്കുകളോ പ്രോബയോട്ടിക്കുകളോ രാസവസ്തുക്കളോ മറ്റു മരുന്നുകളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(12) ജൈവസുരക്ഷാ മാർഗ്ഗങ്ങൾ അവംലംബിക്കാതെ യാതൊരാളും എതെങ്കിലും വിദേശ രാജ്യങ്ങളിൽ നിന്നുള്ള അനുവദനീയമായ മത്സ്യ ഇനത്തിന്റെ അക്വാകൾച്ചർ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ പാടുള്ളതല്ല.

(13) ശാസ്ത്രീയ ചെമ്മീൻ കൃഷി ചെയ്യുന്ന ജലാശയങ്ങളിലേക്ക് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതി ഇല്ലാതെ പൊതുജലാശയത്തിലേയ്ക്ക് ജലം ഇറക്കുവാൻ പാടുള്ളതല്ല.

(14) ജലഗതാഗതത്തിന് തടസ്സമാകുന്ന വിധത്തിൽ യാതൊരു അക്വാകൾച്ചർ പ്രവർത്തനവും നടത്തുവാൻ പാടുള്ളതല്ല.

(15) പൊതുജലാശയത്തിലെ യാതൊരു അക്വാകൾച്ചർ പ്രവർത്തനവും ആ ജലാശയത്തിന്റെ മറ്റു പൊതു ആവശ്യങ്ങളെ തടസ്സപ്പെടുത്തുന്ന വിധത്തിൽ ആകുവാൻ പാടുള്ളതല്ല.

(16) അക്വാകൾച്ചർ പ്രവർത്തനത്തിന്റെ ഏതെങ്കിലും അടിസ്ഥാന സൗകര്യത്തിനോ വിളയ്ക്കോ നാശം വരുത്താവുന്ന ഏതെങ്കിലും പ്രവൃത്തിയിൽ യാതൊരാളും ഏർപ്പെടുവാൻ പാടുള്ളതല്ല.

(17) പൊതുജലാശയത്തിൽ അക്വാകൾച്ചർ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിന് മത്സ്യക്കൂട്, വലവളപ്പ്, തട്ട് എന്നിവയ്ക്ക് അനുവാദം നേടിയ ഒരു സ്ഥാനത്ത് നിന്ന് മാറ്റി മറ്റൊരിടത്തേക്ക് സ്ഥാപിക്കുന്നത് നിർണ്ണയിക്കപ്പെടുന്ന പ്രകാരത്തിൽ മാത്രം ആയിരിക്കേണ്ടതാണ്.

(18) അക്വാകൾച്ചർ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് എന്നിവ നേടിയ ഏതൊരാളിനും അക്വാകൾച്ചർ മേഖലയെ സുസ്ഥിരമായി നിലനിർത്തുന്നതിന് നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള കർത്തവ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(19) ഈ വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും 36-ാം വകുപ്പ് പ്രകാരം ശിക്ഷാ നടപടികൾക്ക് വിധേയനാകുന്നതാണ്.

8 എ. ജില്ലാ അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിയുടെ രൂപീകരണം.—(1) അക്വാകൾച്ചർ മേഖലയുടെ സുസ്ഥിരവികസനം ഉറപ്പാക്കുന്നതിനും ഉത്തരവാദിത്തപരമായി നടപ്പിലാക്കുന്നതിനും ഈ ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലെയും വ്യവസ്ഥകൾ ശരിയായ രീതിയിൽ നടപ്പിലാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും

വേണ്ടി സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ജില്ലാതലത്തിൽ ഓരോ ജില്ലാ അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസി രൂപീകരിക്കാവുന്നതാണ്. അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| (i) | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | - | ചെയർപേഴ്സൺ |
| (ii) | ജില്ലാകളക്ടർ | - | അംഗം |
| (iii) | ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി (വികസനം) ചെയർപേഴ്സൺ | - | അംഗം |
| (iv) | അക്വാകൾച്ചർ രംഗത്തെ വിദഗ്ധരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി | - | അംഗം |
| (v) | മത്സ്യകർഷകരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടു പ്രതിനിധികൾ | - | അംഗങ്ങൾ |
| (vi) | ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മേഖല) | - | അംഗം |
| (vii) | ജില്ലാ പ്ലാനിംഗ് ഓഫീസർ | - | അംഗം |
| (viii) | പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ | - | അംഗം |
| (ix) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ | - | അംഗം |
| (x) | മാനേജർ, ലീഡ് ബാങ്ക് | - | അംഗം |
| (xi) | ജില്ലയുടെ ചുമതലയുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ/ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ | - | മെമ്പർ സെക്രട്ടറി. |

(2) ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെന്റ് ഏജൻസി (എഫ്.എഫ്.ഡി.എ.)യുടെ പ്രവർത്തനം അവസാനിപ്പിക്കാവുന്നതും ആയതിന്റെ ആസ്തി ബാദ്ധ്യതകളും തസ്തികകളും (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിക്ക് കൈമാറ്റം ചെയ്യാവുന്നതുമാണ്. ഈ വിധത്തിൽ ജില്ലാ അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസിയിലെ ജീവനക്കാർക്ക്, ഇപ്രകാരം ഒരു കൈമാറ്റം നടത്തിയില്ലായിരുന്നുവെങ്കിൽ അവർക്ക് ഉണ്ടാകുമായിരുന്ന അതേ കാലാവധിയോടെയും അതേ ശമ്പളത്തോടെയും അതേ നിബന്ധനകളോടെയും അതേ ഉപാധികളോടെയും ഈ വ്യവസ്ഥ പ്രാബല്യത്തിൽ വന്നശേഷവും ഉദ്യോഗത്തിൽ തുടരുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഏജൻസിയുടെ ഭരണസംവിധാനം, യോഗത്തിന്റെ നടപടിക്രമങ്ങൾ, അംഗങ്ങളുടെ യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവ നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തസ്തികകളിലെ ജീവനക്കാർ മെമ്പർ സെക്രട്ടറിയുടെ ഭരണ നിയന്ത്രണത്തിൽ ആയിരിക്കുന്നതാണ്.

(5) ജില്ലാ അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിയിൽ, ഔദ്യോഗിക സ്ഥാനം വഹിക്കുന്നതുവഴി അംഗങ്ങളാകുന്ന ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും കാലാവധി, അവർ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്നതുവരെയും നാമനിർദ്ദേശം ചെയ്യപ്പെടുന്നതു വഴി അംഗങ്ങളാകുന്നവരുടെ കാലാവധി വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ അഞ്ച് വർഷത്തേക്കും ആയിരിക്കുന്നതാണ്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അനൗദ്യോഗിക അംഗത്തിന്, സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട്, തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതുമാണ്.

(7) നാമനിർദ്ദേശം ചെയ്യപ്പെടുന്ന അനൗദ്യോഗിക അംഗത്തിന്റെ ഇടക്കാല ഒഴിവോ ആകസ്മിക ഒഴിവോ, ഒഴിവുണ്ടായ തീയതി മുതൽ മൂന്നുമാസത്തിനകം നികത്തേണ്ടതും അപ്രകാരം പുതിയതായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗം, ആരുടെ ഒഴിവിലേക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന്റെ ശേഷിക്കുന്ന കാലയളവിലേക്ക് മാത്രം സ്ഥാനം വഹിക്കേണ്ടതുമാണ്.

(8) സർക്കാരിന്, നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരംഗത്തേയും,—

(എ) അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലാത്തതായി അധികാരിതയുള്ള കോടതിയാൽ വിധിക്കപ്പെട്ടാൽ;

(ബി) അദ്ദേഹം ഒരു അവിമുക്ത നിർദ്ധനനായി അധികാരിതയുള്ള കോടതിയാൽ വിധിക്കപ്പെട്ടാൽ;

(സി) ശാരീരികമോ മാനസികമോ ആയ വൈകല്യത്താൽ അപ്രകാരം തുടരുവാൻ കഴിവില്ലാതെ വന്നാൽ;

(ഡി) സർക്കാരിന്റെ അഭിപ്രായത്തിൽ, സദാചാര വിരുദ്ധമായതോ അല്ലെങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെട്ടതോ ആയ ഒരു കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെട്ടാൽ,

അംഗത്വത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

8 ബി. ജില്ലാതല അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.—8 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാതല അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) 4-ാം വകുപ്പ് പ്രകാരം അക്വാകൾച്ചർ പ്രദേശമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള ഉൾനാടൻ ജലാശയങ്ങൾ, പ്രദേശങ്ങൾ എന്നിവ സർവ്വേ നടത്തി തിട്ടപ്പെടുത്തുക, അവയ്ക്ക് അതിർത്തി നിർണ്ണയിക്കുക, അവ സംബന്ധിച്ച ഡേറ്റാ ബുക്കുകൾ, മാപ്പുകൾ എന്നിവ തയ്യാറാക്കുക;

(ബി) അക്വാകൾച്ചർ പ്രദേശമായി തരം തിരിക്കപ്പെടുന്ന ജലാശയങ്ങളിൽ ഏർപ്പെടുത്താവുന്ന അക്വാകൾച്ചർ രീതികൾ സംബന്ധിച്ച ഗവേഷണങ്ങൾ നടത്തിപ്പിക്കുകയും നിരീക്ഷിക്കുകയും തരംതിരിക്കുകയും ചെയ്യുക;

(സി) അക്വാകൾച്ചർ പ്രദേശമായി തരംതിരിക്കപ്പെടുന്ന ഉൾനാടൻ ജലാശയങ്ങളിൽ ഏർപ്പെടുത്താവുന്ന പരമാവധി അക്വാകൾച്ചർ യൂണിറ്റുകളുടെ എണ്ണം കണക്കാക്കുകയും നിജപ്പെടുത്തുകയും ചെയ്യുക;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലവിഭവ വകുപ്പ്, വനം വകുപ്പ്, കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവയുടെ അധീനതയിലുള്ള ജലാശയങ്ങളിൽ അക്വാകൾച്ചർ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുക;

(ഇ) മത്സ്യകൃഷിക്കാർക്ക് മത്സ്യകൃഷിക്ക് സഹായകരമായ രീതിയിൽ മത്സ്യവിത്ത് കേന്ദ്രങ്ങൾ, ഡെമോൺസ്റ്റേറ്റീവ് ഫാമുകൾ, ആരോഗ്യ പരിശോധന കേന്ദ്രങ്ങൾ, മത്സ്യതീറ്റ വില്പന കേന്ദ്രങ്ങൾ എന്നിവ ജില്ലാ തലത്തിൽ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക;

(എഫ്) അക്വാകൾച്ചർ മേഖലയിൽ പരിശീലനപരിപാടികൾ, സെമിനാർ, ശില്പശാല, പ്രദർശനങ്ങൾ എന്നിവ ഏർപ്പെടുത്തുക;

(ജി) അക്വാകൾച്ചർ വിഷയത്തെ ആസ്പദമാക്കി ശാസ്ത്രീയ പഠന റിപ്പോർട്ടുകൾ, പുസ്തകങ്ങൾ, ദൃശ്യ-ശ്രവണ ഉപാധികൾ മുതലായവ പ്രസിദ്ധീകരിക്കുക;

(എച്ച്) അക്വാകൾച്ചർ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുകയും അതിലൂടെ ലഭിക്കുന്ന അറിവുകൾ മത്സ്യകൃഷിക്കാർക്ക് പ്രദാനം ചെയ്യുകയും ചെയ്യുക;

(ഐ) കാലാകാലങ്ങളിൽ അക്വാകൾച്ചർ റിസോഴ്സ് ഡേറ്റാ ബുക്കുകൾ പ്രസിദ്ധീകരിക്കുക;

(ജെ) മേൽത്തരം അക്വാകൾച്ചർ മാനേജ്മെന്റ് പ്രവർത്തനങ്ങൾക്കായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുക;

(കെ) ജില്ലാതലത്തിലുള്ള അക്വാകൾച്ചർ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുക;

(എൽ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്വാകൾച്ചർ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും സഹായിക്കുക;

(എം) പൊതുജലാശയങ്ങളിൽ അക്വാകൾച്ചറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ ഉപദേശം നൽകുകയും ചെയ്യുക;

(എൻ) പ്രാദേശികതലത്തിലും ജില്ലാതലത്തിലും ഉണ്ടാകാവുന്ന അക്വാകൾച്ചർ തർക്കങ്ങൾ പരിഹരിക്കുക; കൂടാതെ

(ഒ) അക്വാകൾച്ചർ മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്നതോ ജില്ലാ അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിയുടെ ഭരണനിർവ്വഹണത്തിന് ആവശ്യമായതോ ആയ, അങ്ങനെയുള്ള ന്യായമായ മറ്റുനടപടികൾ സ്വീകരിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്യുക.

8 സി. അലങ്കാരമത്സ്യങ്ങളുടെ വിപണനത്തിനും പ്രദർശനത്തിനും ഉള്ള നിയന്ത്രണം.—(1) ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ലൈസൻസോ നേടാത്ത യാതൊരാളും വ്യാവസായികാടിസ്ഥാനത്തിൽ അലങ്കാര മത്സ്യങ്ങളുടെ വിപണനത്തിൽ ഏർപ്പെടുവാനോ ടിക്കറ്റ് സമ്പ്രദായം വഴി തുക ഈടാക്കിക്കൊണ്ട് അലങ്കാര മത്സ്യങ്ങളെയും ഇതര മത്സ്യങ്ങളെയും മുപ്പത് ദിവസത്തിൽ കൂടുതൽ കാലത്തേക്ക് പ്രദർശിപ്പിക്കുവാനോ പാടുള്ളതല്ല:

എന്നാൽ ഒരു അലങ്കാര മത്സ്യ ഉല്പാദന യൂണിറ്റിൽ നിന്നും അലങ്കാര മത്സ്യങ്ങൾ വില്പന നടത്തുന്നതിനും വീടുകളിൽ ചില്ല് പേടകങ്ങളിൽ അലങ്കാരമത്സ്യങ്ങളെ പ്രദർശിപ്പിക്കുന്നതിനും ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

(2) വിദേശ രാജ്യങ്ങളിൽ നിന്നുള്ള മത്സ്യ ഇനങ്ങളിൽ, രാജ്യത്ത് ഇറക്കുമതി ചെയ്യുന്നതിന് അനുമതിയില്ലാത്തവയുടെ വിപണനവും പ്രദർശനവും നടത്തുവാൻ പാടുള്ളതല്ല.

(3) നിരോധിക്കപ്പെട്ട വിഭാഗത്തിൽപ്പെടുന്ന ആന്റിബയോട്ടിക്കുകൾ, മറ്റ് മരുന്നുകൾ, രാസപദാർത്ഥങ്ങൾ എന്നിവയുടെ വിപണനത്തിൽ യാതൊരു അലങ്കാര മത്സ്യ വിപണന യൂണിറ്റും ഏർപ്പെടുവാൻ പാടുള്ളതല്ല.

(4) അന്യസംസ്ഥാനങ്ങളിൽനിന്നോ വിദേശരാജ്യങ്ങളിൽനിന്നോ സംസ്ഥാനത്തിനകത്തേക്ക് കൊണ്ടുവരുന്ന അലങ്കാരമത്സ്യങ്ങൾ നിർണ്ണയിക്കപ്പെട്ട ഗുണനിലവാര സർട്ടിഫിക്കേഷന് വിധേയമാക്കിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം, യാതൊരാളും യാതൊരു കാരണവശാലും അലങ്കാരമത്സ്യവിപണന യൂണിറ്റുകൾ വഴി അവയെ വിൽക്കുവാനോ അലങ്കാരമത്സ്യ പ്രദർശന വേളകളിൽ പ്രദർശിപ്പിക്കുവാനോ പാടുള്ളതല്ല.

(5) അലങ്കാരമത്സ്യവിപണന യൂണിറ്റുകളിലും അലങ്കാര മത്സ്യ പ്രദർശന മേളകളിലും സംഭരിച്ചിരിക്കുന്ന മത്സ്യങ്ങളിൽ രോഗബാധ പ്രത്യക്ഷപ്പെടുകയാണെങ്കിൽ അത്തരം രോഗം ബാധിച്ച മത്സ്യങ്ങളെയോ അല്ലെങ്കിൽ അത്തരം മത്സ്യങ്ങൾ സൂക്ഷിച്ചിട്ടുള്ള ജലമോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ ട്രീറ്റ്മെന്റിന് വിധേയമാക്കാതെ യാതൊരാളും സ്വകാര്യമായതോ പൊതുവായതോ ആയ യാതൊരു ജലാശയത്തിലേക്കും തുറന്നുവിടാൻ പാടുള്ളതല്ല.

(6) മേൽ ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും 36-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാനടപടികൾക്ക് വിധേയനാകുന്നതാണ്.".

8. <u>11-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്ടിലെ 11-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

9. <u>13-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്ടിലെ 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉള്ള" എന്ന വാക്കുകൾക്ക് മുമ്പായി "സ്വതന്ത്രവലയുടെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

10. <u>14-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്ടിലെ 14-ാം വകുപ്പിനുപകരമായി താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 14. <u>ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ.</u>—(1) മത്സ്യബന്ധന ഉരു, ഉറപ്പിച്ച യന്ത്രം, സ്വതന്ത്രവല എന്നിവയുടെ ഉടമസ്ഥാവകാശം താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് മറ്റൊരു മത്സ്യത്തൊഴിലാളിക്ക് കൈമാറ്റം ചെയ്യാവുന്നതാണ്, അതായത്:—

(എ) ഏതൊരു ഉറപ്പിച്ച യന്ത്രത്തിന്റെയും ഉടമസ്ഥാവകാശം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും രേഖാമൂലം ലഭിച്ച ഒരു അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിയമാനുസൃത പിൻതുടർച്ചാവകാശിക്കോ അയാൾ മത്സ്യത്തൊഴിലാളിയല്ലാത്ത സംഗതിയിൽ, മറ്റൊരു മത്സ്യത്തൊഴിലാളിക്കോ കൈമാറ്റം ചെയ്യുവാൻ പാടുള്ളൂ:

എന്നാൽ മേൽപ്രകാരമുള്ള ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിനു മുമ്പായി, ആയത് കൈവശം വച്ചത് സംബന്ധിച്ച് സർക്കാരിലേക്ക് യാതൊരു കുടിശ്ശികയും ഉണ്ടായിരിക്കാൻ പാടുള്ളതല്ല;

(ബി) ഉറപ്പിച്ച യന്ത്രത്തിന്റെ കൈമാറ്റ കാര്യത്തിൽ അത്തരം യന്ത്രം കൈമാറ്റിക്കിട്ടുന്ന മത്സ്യത്തൊഴിലാളിക്ക് മറ്റേതെങ്കിലും ഉറപ്പിച്ച യന്ത്രത്തിന്റെ ഉടമസ്ഥത ഉണ്ടായിരിക്കുന്ന സംഗതിയിൽ നിയമപരമായി കൈവശം വയ്ക്കാവുന്നതിൽ കൂടുതൽ സ്വായത്തമാക്കാൻ പാടുള്ളതല്ല;

(സി) മേൽ പ്രകാരം ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുമ്പോൾ, കൈമാറ്റം നടപ്പിൽ വരുത്തിയ ദിവസം മുതൽ പതിനഞ്ച് ദിവസത്തിനകം കൈമാറ്റം കിട്ടിയ ആൾ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് നിർണ്ണയിക്കപ്പെട്ട രീതിയിൽ അറിയിപ്പ് നൽകിയിരിക്കേണ്ടതും, പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർണ്ണയിക്കപ്പെട്ട രീതിയിൽ സ്വായത്തമാക്കേണ്ടതുമാണ്;

(ഡി) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഒരു പുതിയ രജിസ്ട്രേഷൻ നൽകുന്നതിനായി 12-ാം വകുപ്പിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്.

(2) പൊതു ജലാശയത്തിലെ അക്വാകൾച്ചർ അവകാശം താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് കൈമാറ്റം ചെയ്യാവുന്നതാണ്, അതായത്:—

(എ) പൊതു ജലാശയത്തിൽ അക്വാകൾച്ചറിനായി സ്ഥാപിച്ചിരിക്കുന്ന ഏതൊരു മത്സ്യക്കൂട്, വലവളപ്പ്, തട്ട് എന്നിവയുടെ അവകാശം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും രേഖാമൂലം ലഭിച്ച ഒരു അനുമതിപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കൈമാറ്റം ചെയ്യാൻ പാടുള്ളൂ:

എന്നാൽ അപ്രകാരം അവകാശം കൈമാറി നൽകുന്നത് ഒരു മത്സ്യത്തൊഴിലാളിക്ക് മാത്രമായിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല, മേൽപ്രകാരമുള്ള ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിനു മുമ്പായി, ആയത് കൈവശം വച്ചത് സംബന്ധിച്ച് സർക്കാരിലേക്ക് യാതൊരു കുടിശ്ശികയും ഉണ്ടായിരിക്കാൻ പാടുള്ളതല്ല:

എന്നുതന്നെയുമല്ല അപ്രകാരമുള്ള കൈമാറ്റത്തിന് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപരിധിയിൽ മാത്രം ഉൾപ്പെടുന്ന ഒരു പൊതുജലാശയത്തിന്റെ കാര്യത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിപത്രം കൂടി ഉണ്ടായിരിക്കേണ്ടതാണ്;

(ബി) മേൽപ്രകാരം ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുമ്പോൾ, കൈമാറ്റം നടപ്പിൽ വരുത്തിയ ദിവസം മുതൽ പതിനഞ്ച് ദിവസത്തിനകം കൈമാറ്റം കിട്ടിയ ആൾ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് നിർണ്ണയിക്കപ്പെട്ട രീതിയിൽ അറിയിപ്പ് നൽകിയിരിക്കേണ്ടതും പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർണ്ണയിക്കപ്പെട്ട രീതിയിൽ സ്വായത്തമാക്കേണ്ടതുമാണ്;

(സി) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഒരു പുതിയ രജിസ്ട്രേഷൻ നൽകുന്നതിനായി 12-ാം വകുപ്പിൽ അനുശാസിക്കുന്ന എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്.

(3) സ്വകാര്യ ഉടമസ്ഥതയിലുള്ള ജലാശയത്തിലെ അക്വാകൾച്ചർ അവകാശം താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് കൈമാറ്റം ചെയ്യാവുന്നതാണ്, അതായത്:—

(എ) സ്വകാര്യ ഉടമസ്ഥതയിലുള്ള ജലാശയത്തിൽ അക്വാകൾച്ചറിനായി സ്ഥാപിച്ചിരിക്കുന്ന ഏതൊരു മത്സ്യക്കൂട്, വലവളപ്പ്, തട്ട് എന്നിവയുടെ അവകാശം കൈമാറ്റം ചെയ്യുന്നതിന് മുമ്പായി, ആയത് കൈവശംവെച്ചത് സംബന്ധിച്ച് സർക്കാരിലേക്ക് യാതൊരു കുടിശ്ശികയും ഉണ്ടായിരിക്കാൻ പാടുള്ളതല്ല;

(ബി) മേൽപ്രകാരം ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുമ്പോൾ കൈമാറ്റം നടപ്പിൽവരുത്തിയ ദിവസം മുതൽ പതിനഞ്ചുദിവസത്തിനകം കൈമാറ്റം ലഭിച്ചയാൾ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് രേഖാമൂലം അറിയിപ്പ് നൽകിയിരിക്കേണ്ടതും പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർണ്ണയിക്കപ്പെട്ട രീതിയിൽ സ്വായത്തമാക്കേണ്ടതുമാണ്;

(സി) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഒരു പുതിയ രജിസ്ട്രേഷൻ നൽകുന്നതിനായി 12-ാം വകുപ്പിൽ അനുശാസിക്കുന്ന എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്.

(4) ഈ വകുപ്പിലെ കാര്യങ്ങൾ സംബന്ധിച്ച്, ആവശ്യമെങ്കിൽ കൂടുതൽ വ്യവസ്ഥകൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ ഏർപ്പെടുത്താവുന്നതും അപ്രകാരമുള്ള വ്യവസ്ഥകൾകൂടി ഇക്കാര്യത്തിൽ പാലിക്കേണ്ടതുമാണ്." .

11. <u>17-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്ടിലെ 17-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) നിശ്ചിത ആവശ്യത്തിനായി ഈ ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടാത്ത യാതൊരാൾക്കും ലൈസൻസ് നൽകുവാൻ പാടുള്ളതല്ല.".

12. 19- ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"19. ലൈസൻസുകാരന് ലൈസൻസ് ഹാജരാക്കുന്നതിനുള്ള ബാദ്ധ്യത.—ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട ലൈസൻസുള്ള ഏതൊരാളും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ 35 ബി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഫിഷറീസ് എൻഫോഴ്സ്മെന്റ് യൂണിറ്റിലെ ഉദ്യോഗസ്ഥനോ ആവശ്യപ്പെടുന്ന പക്ഷം, അങ്ങനെയുള്ള ലൈസൻസ് ഏത് സമയത്തും പരിശോധനയ്ക്കായി ഹാജരാക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിൽ മാത്രം ഉൾപ്പെടുന്ന പൊതു ജലാശയത്തെ സംബന്ധിച്ച ലൈസൻസ് ആവശ്യപ്പെടുവാനും പരിശോധിക്കുവാനുമുള്ള അധികാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ, ഇതിലേക്കായി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനും ഉണ്ടായിരിക്കുന്നതാണ്.".

13. 20-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"20. ലൈസൻസ് റദ്ദാക്കൽ അഥവാ സസ്പെൻഡ് ചെയ്യൽ.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ സർക്കാർ ഇതിലേക്കായി കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയോ വ്യവസ്ഥകൾക്കോ ലൈസൻസിലെ ഏതെങ്കിലും നിബന്ധനകൾക്കോ വിരുദ്ധമായി ലൈസൻസുള്ളയാൾ പ്രവർത്തിക്കുകയോ, ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും കുറ്റം ചെയ്തതായി സ്ഥാപിക്കപ്പെടുകയോ, ലൈസൻസുള്ളയാൾ തെറ്റിദ്ധരിപ്പിച്ചോ വസ്തുതകൾ മറച്ചുവച്ചോ ആണ് ലൈസൻസ് നേടിയത് എന്ന് കണ്ടെത്തുന്നപക്ഷമോ, അയാളുടെ അങ്ങനെയുള്ള ഏതൊരു ലൈസൻസും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് റദ്ദാക്കുകയോ സസ്പെൻഡ് ചെയ്യുകയോ ചെയ്യാവുന്നതാണ്:

എന്നാൽ ലൈസൻസുള്ളയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ ലൈസൻസ് റദ്ദാക്കുവാനോ സസ്പെൻഡ് ചെയ്യുവാനോ പാടുള്ളതല്ല.".

14. 33-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 33-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

15. 35 എ, 35 ബി, 35 സി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിൽ 35-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"35 എ. അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ അധികാരങ്ങളും ചുമതലകളും.—(1) ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ, സർക്കാർ ഇതിലേക്കായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയോ വ്യവസ്ഥകൾ ശരിയായ വിധത്തിൽ നിറവേറ്റപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള കർത്തവ്യം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ സർക്കാർ ഇതിലേക്കായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയോ ഏതെങ്കിലും വ്യവസ്ഥയ്ക്ക് വിരുദ്ധമായ ഏതൊരു പ്രവർത്തനവും തടയുന്നതിന് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ഇനിപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടുള്ള നിർമ്മിതികളോ വസ്തുക്കളോ നീക്കം ചെയ്യുകയോ അത്തരത്തിലുള്ള നിർമ്മിതികൾ നടക്കുമ്പോൾ അവ തടയുകയോ ചെയ്യുക;

(ബി) പിടിച്ചെടുക്കപ്പെട്ട മത്സ്യത്തെ ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ പൊതുലേലത്തിലൂടെ വിൽക്കുകയും അത്തരം വില്പനയിലൂടെ ലഭിക്കുന്ന തുക സംസ്ഥാന സർക്കാരിന്റെ റവന്യൂ ശീർഷകത്തിൽ ഒടുക്കുകയും ചെയ്യുക;

(സി) പിടിച്ചെടുത്ത മത്സ്യബന്ധനയാനത്തിന്റെയോ വലയുടെയോ വാഹനത്തിന്റെയോ ഉപകരണത്തിന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും സാമഗ്രിയുടെയോ വസ്തുവിന്റെയോ ഉടമസ്ഥർ 35-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ബോണ്ട് വയ്ക്കാത്തപക്ഷം അത്തരം മത്സ്യബന്ധനയാനവും വാഹനവും വലയും ഉപകരണവും വസ്തുവും പൊതുലേലം നടത്തി വിൽക്കുകയും അത്തരം വിൽപ്പനയിലൂടെ ലഭിക്കുന്ന തുക സംസ്ഥാന സർക്കാരിന്റെ റവന്യൂശീർഷകത്തിൽ ഒടുക്കുകയും ചെയ്യുക;

(ഡി) 4-ാം വകുപ്പ് പ്രകാരം അക്വാകൾച്ചർ പ്രദേശമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള ഉൾനാടൻ ജലാശയങ്ങൾ സർവ്വേ നടത്തുകയും അവയ്ക്ക് അതിർത്തി നിർണ്ണയിക്കുകയും ചെയ്യുക;

(ഇ) പൊതുജലാശയങ്ങളിലും സ്വകാര്യ ജലാശയങ്ങളിലും മത്സ്യരോഗം പടരുന്നത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുക.

35 ബി. ഫിഷറീസ് എൻഫോഴ്സ്മെന്റ് യൂണിറ്റിന്റെ രൂപീകരണം.—ഈ ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലെയും വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ കീഴിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഫിഷറീസ് വകുപ്പിലെ അപ്രകാരമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ജില്ലാതലത്തിൽ, ഫിഷറീസ് എൻഫോഴ്സ്മെന്റ് യൂണിറ്റ് രൂപീകരിക്കാവുന്നതാണ്.

35 സി. ഫിഷറീസ് എൻഫോഴ്സ്മെന്റ് യൂണിറ്റിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.—(1) ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും ആൾ മത്സ്യബന്ധനത്തിലേർപ്പെടുകയോ അക്വാകൾച്ചർ പ്രവർത്തനത്തിൽ ഏർപ്പെടുകയോ ചെയ്യുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ സ്വമേധയോ ഫിഷറീസ് എൻഫോഴ്സ്മെന്റ് യൂണിറ്റിലെ ഏതൊരു ഉദ്യോഗസ്ഥനും ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത പരിശോധനയുടെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരു മത്സ്യബന്ധന ഉരുവിനെയും തടയുകയും അതിനുള്ളിൽ പ്രവേശിക്കുകയും പരിശോധന നടത്തുകയും;

(ബി) മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന ഏതൊരു ഉറപ്പിച്ച യന്ത്രം, സ്വതന്ത്രവലകൾ, മറ്റുപകരണങ്ങൾ എന്നിവ പരിശോധിക്കുകയും;

(സി) അക്വാകൾച്ചർ ഏർപ്പെടുത്തിയിരിക്കുന്ന ഏതൊരു സ്ഥലത്തും പ്രവേശിക്കുകയും അവിടങ്ങളിലെ ജലത്തിന്റെ ഗുണനിലവാരം, തീറ്റക്രമം, അവിടത്തെ നടപടിക്രമങ്ങളുടെ രേഖകകൾ/കുറിപ്പുകൾ തുടങ്ങിയവ പരിശോധിക്കുകയും പരിശോധനയുടെ ആവശ്യത്തിലേക്ക് ജലം, മണ്ണ്, മത്സ്യങ്ങൾ എന്നിവയുടെ സാമ്പിളുകൾ സർക്കാരിനാൽ പുറപ്പെടുവിക്കപ്പെട്ട മാർഗ്ഗരേഖകൾ പ്രകാരം ശേഖരിക്കുകയും;

(ഡി) മത്സ്യത്തെ കടത്തുന്നതിനായി ഉപയോഗിക്കുകയോ, ഉപയോഗിക്കുന്നതായി സംശയിക്കപ്പെടുകയോ ചെയ്യുന്ന ഏതൊരു വാഹനത്തെയും തടയുകയും അതിനുള്ളിൽ പ്രവേശിക്കുകയും പരിശോധിക്കുകയും;

(ഇ) അക്വാകൾച്ചർ പ്രവർത്തനം ഏർപ്പെടുത്തിയിരിക്കുന്ന ഏതൊരു സ്ഥലത്തും പ്രവേശിക്കുകയും പരിശോധിക്കുകയും;

(എഫ്) ഏതൊരാളിന്റെയും കൈവശമുള്ള മത്സ്യം പരിശോധിക്കുകയും ചെയ്യുക.

(2) ഈ ആക്റ്റിലെയോ, ചട്ടങ്ങളിലെയോ, അതനുസരിച്ച് നൽകപ്പെട്ടിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെയോ, ലൈസൻസിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആൾ മത്സ്യബന്ധനത്തിലോ, അക്വാകൾച്ചർ പ്രവർത്തിയിലോ ഏർപ്പെട്ടിട്ടുണ്ടെന്ന് വിശ്വസിക്കാൻ തക്ക കാരണമുണ്ടെന്ന് ബോധ്യമുണ്ടെങ്കിൽ,—

(എ) മത്സ്യബന്ധന ഉരുവോ, സ്വതന്ത്രവലയോ, ഉറപ്പിച്ച യന്ത്രമോ, മത്സ്യത്തെ ആകർഷിക്കുന്ന ഉപാധികളോ മറ്റ് ഉപകരണങ്ങളോ പിടിച്ചെടുക്കുകയോ;

(ബി) മത്സ്യത്തെയും കക്കവർഗ്ഗ ജീവികളെയും അവയുടെ പുറംതോടിനേയും പിടിച്ചെടുക്കുകയോ;

(സി) മത്സ്യത്തെ വളർത്തുന്നതോ അതിന് ഉതകുന്നതോ ആയ മത്സ്യക്കൂട്, വലവളപ്പ്, തട്ട് എന്നിവ പിടിച്ചെടുക്കുകയോ മറ്റുതരത്തിലുള്ള അക്വാകൾച്ചർ യൂണിറ്റ് അടച്ചുപൂട്ടുകയോ,

ചെയ്യേണ്ടതാണ്.

(3) ഫിഷറീസ് എൻഫോഴ്സ്മെന്റ് യൂണിറ്റിലെ ഏതൊരു ഉദ്യോഗസ്ഥനും (2)-ാം ഉപവകുപ്പ് പ്രകാരം പിടിച്ചെടുത്തതിന്റെയും, അടച്ച് പൂട്ടിയതിന്റെയും റിപ്പോർട്ട് നിർണ്ണയിക്കപ്പെട്ട പ്രകാരം തയ്യാറാക്കി പിടിച്ചെടുത്ത ഇനങ്ങൾ സഹിതം കഴിയുന്നത്ര വേഗത്തിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്;

(4) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ചുമതലകൾ നിറവേറ്റുന്നതിന് ആവശ്യമായ എല്ലാവിധ സഹായങ്ങളും, അദ്ദേഹത്തിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്.".

16. <u>36-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിന്റെ 36-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡത്തിൽ "ഹാച്ചറിയോ" എന്ന വാക്കിനു പകരം "അലങ്കാരമത്സ്യങ്ങളുടെ വിപണനമോ പ്രദർശനമോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

17. <u>41-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 41-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"41. <u>സംസ്ഥാന ഉൾനാടൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ</u>.—(1) സർക്കാരിന് സംസ്ഥാനത്ത് ഉൾനാടൻ മത്സ്യമേഖലയുടെ സുസ്ഥിര വികസനം, സംരക്ഷണം, പരിപാലനം എന്നിവ ശാസ്ത്രീയമായി ഉറപ്പാക്കുന്നതിനും, ജലകൃഷിവികസനം ഉത്തരവാദിത്തപരമായി

നടപ്പാക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനസുരക്ഷ ഉറപ്പാക്കുന്നതിനുമായി, ഗസറ്റ് വിജ്ഞാപനം വഴി, സംസ്ഥാനതലത്തിൽ ഒരു സംസ്ഥാന ഉൾനാടൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന ഉൾനാടൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഫിഷറീസ് വകുപ്പുമന്ത്രി;

(ബി) മൂന്ന് നിയമസഭാ സാമാജികർ, അവരിൽ ഒരാൾ വേമ്പനാട് കായലോ, അഷ്ടമുടിക്കായലോ ഉൾപ്പെടുന്ന ഏതെങ്കിലും ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ആൾ ആയിരിക്കേണ്ടതാണ്;

(സി) ഫിഷറീസ് സെക്രട്ടറി;

(ഡി) ചെയർമാൻ/പ്രതിനിധി, രാജീവ്ഗാന്ധി സെന്റർ ഫോർ അക്വാകൾച്ചർ;

(ഇ) ഡയറക്ടർ/പ്രതിനിധി, സെൻട്രൽ ഇൻലാന്റ് ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ;

(എഫ്) ഡയറക്ടർ/പ്രതിനിധി, സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ;

(ജി) ഡയറക്ടർ/പ്രതിനിധി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫ്രഷ് വാട്ടർ അക്വാകൾച്ചർ;

(എച്ച്) ഡയറക്ടർ/പ്രതിനിധി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ് വാട്ടർ അക്വാകൾച്ചർ;

(ഐ) ചെയർമാൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ്;

(ജെ) ചെയർമാൻ, സംസ്ഥാന മത്സ്യ വിത്ത് കേന്ദ്രം;

(കെ) ഡീൻ, ഫാക്കൽറ്റി ഓഫ് ഫിഷറീസ്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്;

(എൽ) മത്സ്യമേഖലയിലെ സാങ്കേതിക വിദഗ്ധരോ ശാസ്ത്രജ്ഞൻമാരോ ആയ രണ്ട് അംഗങ്ങൾ;

(എം) ചെയർമാൻ/പ്രതിനിധി, സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്;

(എൻ) ചെയർമാൻ/പ്രതിനിധി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്;

(ഒ) ഫിഷറീസ് ഡയറക്ടർ;

(പി) കാർഷിക വികസനവും കർഷകക്ഷേമവും വകുപ്പ് ഡയറക്ടർ;

(ക്യൂ) പഞ്ചായത്ത് ഡയറക്ടർ;

(ആർ) ചീഫ് എഞ്ചിനീയർ, ജലവിഭവ വകുപ്പ്;

(എസ്)എക്സിക്യൂട്ടീവ് ഡയറക്ടർ, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ;

(റ്റി) മാനേജിംഗ് ഡയറക്ടർ, കേരള അക്വാവെൻച്വേർസ് ഇന്റർനാഷണൽ ലിമിറ്റഡ് (KAVIL);

(യു) ഫിഷറീസ് അഡീഷണൽ ഡയറക്ടർ;

(വി) ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഇൻലാന്റ്);

(ഡബ്ല്യു) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രണ്ട് പ്രതിനിധികൾ;

(എക്സ്) മത്സ്യബന്ധന മേഖലയിലെ ഏതെങ്കിലും നാല് ട്രേഡ് യൂണിയനുകളിൽ നിന്നും ഓരോ പ്രതിനിധികൾ; കൂടാതെ

(വൈ) രണ്ട് മത്സ്യകർഷക പ്രതിനിധികൾ.

(3) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന ഉൾനാടൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ നിയമസഭാ സാമാജികരിൽ നിന്നുള്ള പ്രതിനിധികളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികളേയും അനൗദ്യോഗിക അംഗങ്ങളേയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും ഫിഷറീസ് വകുപ്പുമന്ത്രി പ്രസ്തുത കൗൺസിലിന്റെ ചെയർപേഴ്സണും ഫിഷറീസ് ഡയറക്ടർ കൺവീനറുമായിരിക്കുന്നതാണ്.

(4) കൗൺസിലിലെ അംഗങ്ങളുടെ കാലാവധി, കൗൺസിലിന്റെ യോഗ നടപടിക്രമങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ സിറ്റിംഗ് ഫീസ്, യാത്രാബത്ത തുടങ്ങിയവ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.".

18. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ഓർഡിനൻസ് (2021-ലെ 108) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ്പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2021 ഒക്ടോബർ 28.

**എസ്. വി. ഉണ്ണികൃഷ്ണൻ നായർ,**
*സെക്രട്ടറി.*